സ്വീകരിക്കണമെന്നും ആ വിദ്യാർത്ഥികളുടെ പഠനം പുനരാരംഭിക്കുവാൻ സഹായിക്കണമെന്നും സംസ്ഥാന ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ജൂൺ 26-ാം തീയതി ഉണ്ടായ പ്രകൃതിക്ഷോഭംമൂലം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച സ്കൂളിന്റെ കെട്ടിടം തകർന്നുപോയിട്ടുണ്ട്. പുതിയൊരു താൽക്കാലിക കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അടിയന്തിരമായിതന്നെ അതിനുള്ള നടപടികളും സ്വീകരിച്ച് അതിനാവശ്യമായ കെട്ടിടം ഉണ്ടാക്കിക്കൊടുക്കുന്നതാണ്.

## (40) പയ്യന്നൂരിലെ കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ ശോചനീയസ്ഥിതി

ശ്രീ. എം. വി. രാഘവൻ : പയ്യന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോ ഏതാണ്ട് ലിക്വിഡേറ്റ് ചെയ്യാൻവേണ്ടിയുള്ള നടപടി ഗവൺമെന്റ് എടുത്തുവരികയാണോ എന്ന് ഞാൻ ബലമായി സംശയിക്കുകയാണ്. ലിക്വിഡേഷനാണെങ്കിൽ അത് പറയണം. എന്നിട്ട് അത് പ്രൈവറ്റുകാരെ ഏൽപ്പിക്കാനുള്ള നടപടികളും എടുക്കണം. എന്റെ സംശയത്തിനു കാരണം ഇവിടെയുള്ള എല്ലാ ബസ്സും ട്രാൻസ്ഫർ ചെയ്തുകൊണ്ടിരിക്കുകയാണ്. ആദ്യമായി രണ്ട് ബസ്സുകളും കാട്ടാക്കടക്ക് ട്രാൻസ്ഫർ ചെയ്തു. പിന്നെ രണ്ട് ബസ്സുകളും പുതിയ ഡിപ്പോ വന്നപ്പോൾ വടക്കാഞ്ചേരിക്ക് ട്രാൻസ്ഫർ ചെയ്തു. അങ്ങനെ ആ രണ്ട് ഡിപ്പോ കഴിഞ്ഞപ്പോൾ പിന്നെ കാസർകോട് ഒരു ഡിപ്പോ തുറന്നു. അവിടേക്ക് 12 ബസ്സുകൾ മാറ്റി. ആ 12 ബസ്സുകളും അതുപോലെതന്നെ 102 ജീവനക്കാരേയും കാസർകോട്ടേക്ക് മാറ്റി. അതുകൊണ്ടാണ് ഞാൻ സംശയിക്കുന്നത് ഇത് ലിക്വിഡേറ്റ് ചെയ്യാൻ പോകുകയാണോ എന്ന്. 5 ബസ്സുകൾ വീണ്ടും ട്രാൻസ്ഫർ ചെയ്യാൻവേണ്ടിയുള്ള ഒരു ഓർഡർ അവിടെ കെട്ടിക്കിടക്കുകയാണ്, തൊഴിലാളികൾ തടഞ്ഞതുകൊണ്ടാണ് അത് മാറ്റാത്തത് എന്നാണറിയുന്നത്. ജൂൺമാസം 26-ാം തീയതിവരെയുള്ള ഡിപ്പോയുടെ സ്ഥിതി 55 ഷെഡ്യൂളുകളും 56 ബസ്സുകളും ഉള്ളതാണ്. ഇപ്പോൾ ബസ്സുകൾ ഇങ്ങനെ മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇതിൽ 11 ഷെഡ്യൂളുകളും 12 ബസ്സുകളും ഇപ്പോൾ കാസർകോട്ടേക്ക് മാറ്റി. 10 ബസ്സുകൾ റിപ്പയറായിട്ട് കിടക്കുകയാണ്. അവ റിപ്പയർ ചെയ്യുന്നതിനുവേണ്ട സാധനങ്ങൾ ഇല്ല. ഇതിന്റെ ഫലമായി കണ്ണൂരിൽനിന്ന് പഴയങ്ങാടിക്ക് ഓടുന്ന രണ്ട് ബസ്സുകൾ ഇല്ല. മാധവമംഗലം റൂട്ടിൽകൂടി രാജഗിരിക്ക് പോകുന്ന ബസ് ഇല്ല, പുതിയങ്ങാടി – പയ്യന്നൂർ ബസ്സ് ഇല്ല. ഇതെല്ലാം നിലച്ചിരിക്കുകയാണ്. എന്താണ് ഗവൺമെന്റിന്റെ ഉദ്ദേശം എന്നും അറിയില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിട്ട് വല്ല കാര്യവും ഉണ്ട് എന്ന് എനിക്ക് അഭിപ്രായമില്ല, കാരണം ആ ഉരുട്ടൽവിദഗ്ധൻ (എം. ഡി.) ആണ് ഇതിന്റെ ഭരണം നടത്തുന്നത്. ഈ ഒരു ട്രാൻസ്പോർട്ട് ഡിസ്ട്രിക്ട് ആയി ഉയർത്താനുള്ള സാഹചര്യം ഉള്ളപ്പോൾ ആണ് ഈ ലിക്വിഡേഷൻ ഉണ്ടായിട്ടുള്ളത്.

ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : 1-6-1985-ൽ പയ്യന്നൂർ സബ് ഡിപ്പോയിൽ 50 ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നത്, 12 ഷെഡ്യൂളുകളും 26-6-1985-ൽ പുതുതായി തുടങ്ങിയ കാസർകോട് സബ് ഡിപ്പോയിലേക്ക് മാറ്റുകയുണ്ടായി. വലിയ നഷ്ടത്തിൽ ഓടിക്കൊണ്ടിരുന്ന 5 സർവ്വീസുകളും തൽക്കാലികമായി നിർത്തലാക്കുകയാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

ബസ്സ് ലഭിക്കുമ്പോഴും ആ സർവ്വീസുകളും വീണ്ടും പുനരാരംഭിക്കും. കാസർകോട് സബ് ഡിപ്പോയിലേക്ക് 12 സർവ്വീസുകളും മാറ്റിയെങ്കിലും അവ ഓടിയിരുന്ന റൂട്ടുകളിലേക്ക് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. സർവ്വീസ് നടത്തിപ്പിന്റെ സൗകര്യത്തിനുവേണ്ടിയാണ് ഇവ കാസർകോട്ടേക്ക് മാറ്റിയത്. അവിചാരിതമായി ഉണ്ടാകുന്ന തകരാറുകളുമൂലം ചില സർവ്വീസുകൾ അപൂർവ്വമായി റദ്ദ് ചെയ്യേണ്ടിവരുന്നു. ഇന്നിപ്പോൾ 44 ബസ്സുകൾ അവിടെയുണ്ട്. ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ഇവിടെ പറഞ്ഞ പയ്യന്നൂർ ഡിപ്പോയെ ഒരു കാരണവശാലും അവഗണിക്കുകയില്ല. ഉരുട്ടുന്നസമ്പ്രദായവും അനുവദിക്കുകയില്ല എന്ന് ഞാൻ സഭക്ക് ഉറപ്പു നൽകുകയാണ്.

## (41) കായംകുളം പോലീസ് സ്റ്റേഷൻ കയ്യേറ്റം

ശ്രീ. ബേബിജോൺ : അങ്ങയുടേയും സഭയുടേയും ശ്രദ്ധയിൽ വളരെ ഗൗരവതരമായ ഒരു കാര്യം ഒരു സബ്മിഷൻരൂപേണയാണെങ്കിലും കൊണ്ടു വരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാന നിലയാകെ തകരുന്ന ഭീതിജനകമായ ഒരന്തരീക്ഷം ഈ സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്നുവോ എന്ന് ഞാൻ ഭയപ്പെടുന്നു. ഗവൺമെന്റ് ആഫീസുകളും കൈയ്യേറുക, പോലീസ് സ്റ്റേഷൻ കയ്യേറുക, ഇന്നലെ കായംകുളം പോലീസ് സ്റ്റേഷൻ ഒരു വിഭാഗം ആളുകൾ കയ്യേറി. ഞാൻ അറിഞ്ഞത് കോൺഗ്രസ്(എ)-യിലെ ഒരു വിഭാഗം എന്നാണ്. അവർ മണിക്കൂറുകളോളം ആ പോലീസ് സ്റ്റേഷൻ കൈയടക്കിവച്ചിരുന്നു. അത് ചെറുക്കാനെ ശ്രമിച്ച ഹെഡ്കോൺസ്റ്റബിളിനെ കൈയേറ്റം ചെയ്തു എന്നാണ് അറിയുന്നത്. പോലീസ് ഇൻസ്പെക്ടറേയും മറ്റ് പോലീസുകാരേയും ആ പോലീസ് സ്റ്റേഷനിൽനിന്ന് പിടിച്ചുമാറ്റി പുറത്തുകൊണ്ടുപോയി നിർത്തി. ഈ കൈയ്യേറ്റം ചെയ്ത ആളുകൾ കോൺഗ്രസ് ഐ-യിലെ ഒരു വിഭാഗം ആളുകളാണ് അവർ അവിടെ നിന്ന് മുദ്രാവാക്യം വിളിച്ചു, മുദ്രാവാക്യം എന്തും വിളിക്കുന്നതിന് എനിക്ക് വിരോധമില്ല, അവർ കരുണാകരൻ സിന്ദാബാദ് എന്നു വിളിച്ചു, നല്ല കാര്യം! അതിൽനിന്നാണ് കക്ഷി മനസ്സിലായത്. ശ്രീ. വയലാർ രവി രാജി വച്ചല്ലാതെ ഈ പോലീസ് സ്റ്റേഷൻ വിട്ടുകൊടുക്കുകയില്ല എന്നാണ് അവർ പറഞ്ഞത്. വളരെനേരം നിന്നു. ഇങ്ങനെ ആര് കൈയ്യേറിയാലും അത് മോശമാണ് എന്ന കാര്യത്തിൽ തർക്കമില്ലല്ലോ ? ഇന്നലെ ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഭരണകക്ഷിയിലെ അംഗങ്ങളുടെയിടയിൽ വിദ്യാർത്ഥി വിഭാഗത്തിന്റെ ഇടയിലുള്ള വഴക്കുകൾ വർദ്ധിച്ച് ക്രമസമാധാന പാലനത്തിന് തടസ്സമുണ്ടാകാൻ പോകുന്നു, സൂക്ഷിക്കണം എന്ന മുന്നറിയിപ്പ് നൽകിയിട്ടും ഇന്നലെ കായംകുളം പോലീസ് സ്റ്റേഷൻ കൈയേറി. ഇത് ആദ്യമാണ് എന്നാണ് തോന്നുന്നത്, പണ്ടെങ്ങോനക്സലൈറ്റ് ഇങ്ങനെ ഒരു സംഭവം ഉണ്ടാക്കിയിട്ടുണ്ട്. അല്ലാതെ പോലീസ് സ്റ്റേഷൻ മണിക്കൂറുകളോളം കയ്യേറി വച്ചേക്കുക, പോലീസ് ഇൻസ് പെക്ടറെ പിടിച്ചു കെട്ടിയില്ല, അത് ഞാൻ സമ്മതിച്ചു, ഇൻസ്പെക്ടറേയും പോലീസുകാരേയും പുറത്ത് മാറ്റി നിർത്തിയിരിക്കുക! അനിയന്ത്രിതമായി ഈ സംഭവം ഇങ്ങനെ ഉണ്ടായാൽ നാം എങ്ങോട്ട്, നമ്മുടെ സംസ്ഥാനം എങ്ങോട്ട് ? വീട്ടിൽ ഭയാശങ്കകളും കൂടാതെ കിടന്നുറങ്ങാൻ സാധിക്കുമോ ? റോഡിൽകൂടി നടക്കാൻ സാധിക്കുമോ ? പോലീസ് സ്റ്റേഷനിൽ കയറുക, പോലീസ് സ്റ്റേഷൻ കയ്യടക്കുക, പോലീസുകാരൻ നോക്കി നിൽക്കുക! ഭരണകക്ഷിക്കാർ തമ്മിലുള്ള വഴക്ക് പോലീസ് സ്റ്റേഷൻ കൈയ്യേറുവാനുള്ള അവസരമാക്കി മാറ്റുന്നത് നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാനനില അപകടപ്പെടുത്തത്തക്ക രീതിയിൽ വളർന്നുവരുന്നു എന്നുള്ളതുകൊണ്ടാണ് അങ്ങയു

LIBRARY ARCHIVES Kerala Legislative Assembly